150 YEARS OF CELEBRATING THE MAHATMA

**കേരളസർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതിയെ ഒന്നാംക്ലാസ് സമിതിയായി പരിഗണിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്**

**ജി.ഒ(എം.എസ്)നം.18/2023/പി&എആർഡി തിരുവനന്തപുരം, തീയതി.25/08/2023**

പരാമർശം:- 1) 26/02/1970 തീയതിയിലെ ജി.ഒ(എം.എസ്)നം.63/1970/പി&എആർഡി നമ്പർ ഉത്തരവ്.

2) 10/09/2021 തീയതിയിലെ ജി.ഒ(എം.എസ്)നം.20/2021/പി&എആർഡി നമ്പർ ഉത്തരവ്

**ഉത്തരവ്**

കേരളസർക്കാരിന്റെ ഔദ്യോഗികഭാഷാനയം വിജയകരമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലയാളഭാഷാമാറ്റപുരോഗതി അവലോകനം ചെയ്യുന്നതിന് പരാമർശപ്രകാരം ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതി രൂപവൽക്കരിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവുകളിൽ സമിതിയുടെ പദവി (status) സംബന്ധിച്ച പരാമർശമില്ല.

ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതിയിൽപ്പങ്കെടുക്കുന്ന അനൗദ്യോഗികാംഗങ്ങൾക്ക് ദിനബത്ത/ യാത്രാബത്ത അനുവദിക്കണമെങ്കിൽ കെ.എസ്.ആർ ഭാഗം 2 ചട്ടം III അനുസരിച്ച് പ്രസ്തുത സമിതിയംഗങ്ങളുടെ പ്രാധാന്യം, അധികാരപരിധി, അംഗങ്ങളുടെ പദവി എന്നിവയനുസരിച്ച് സമിതിയെ ഒന്നാം ക്ലാസാണോ രണ്ടാം ക്ലാസാണോ എന്ന് തരംതിരിക്കേണ്ടതുണ്ട്.

ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഉന്നതതലസമിതി സംസ്ഥാനത്തെതന്നെ ഏറ്റവും ഉന്നതമായ ഒരു സമിതിയാണ്. ഈ സമിതിയിലെ അനൗദ്യോഗികാംഗങ്ങൾ കലാ-സാംസ്കാരിക-രാഷ്ട്രീയരംഗങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ചവരും പ്രഗത്ഭരുമാണ്. അതിനാൽ ഈ സമിതിയെ ഒന്നാംക്ലാസ് സമിതിയായി പരിഗണിച്ച് ക്ലാസ്സ് 1 ഉദ്യോഗസ്ഥർക്ക് ആനുപാതികമായ നിരക്കിൽ ദിനബത്തയും യാത്രാബത്തയും അനുവദിക്കേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതിയെ ഒന്നാംക്ലാസ് സമിതിയായി പരിഗണിച്ചുകൊണ്ടും സമിതിയിലെ അനൗദ്യോഗികാംഗങ്ങൾക്ക് ഒന്നാം ഗ്രേഡ് ഉദ്യോഗസ്ഥർക്ക് ആനുപാതികമായ നിരക്കിൽ ദിനബത്തയും യാത്രാബത്തയും അനുവദിച്ചുകൊണ്ടും ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ഉദയകുമാർ എസ്.ആർ**

ജോയിന്റ് സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നതതലസമിതിയിലെ അംഗങ്ങൾക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (ഔദ്യോഗികഭാഷ വകുപ്പ്) പി.എ.ക്ക്
ജോയിൻറ്സെക്രട്ടറി, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്
ധനകാര്യവകുപ്പ്
വിവര-പൊതുജനസമ്പർക്ക (വെബ് & മീഡിയ വിഭാഗം) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ